

# നല്ല ചങ്ങാതി

■ നളിനി ശശിധരൻ

ധനികനായ ഒരു കച്ചവടക്കാരന്റെ ഏക മകളാണ് രുക്കു. മാതാപിതാക്കൾ വളരെ ലാളിച്ചാണ് അവളെ വളർത്തിയത്. അവളുടെ അച്ഛൻ വ്യാപാരസംബന്ധമായി പുറംനാടുകളിൽ പോയിവരുമ്പോൾ വില പിടിപ്പുള്ള പല വസ്തുക്കളും മനോഹരമായ വസ്ത്രങ്ങളുമൊക്കെ അവൾക്ക് കൊണ്ടു കൊടുക്കും. അവളുടെ അമ്മ സ്നേഹമയി യും കാരുണ്യവതിയുമായിരുന്നു. എന്നാൽ അവളാകട്ടെ മഹാ അഹങ്കാരിയും.

വീട്ടിലെ ജോലിക്കാരിയുടെ മകൾ രേവയോടൊത്താണ് അമ്മ അവളെ എന്നും സ്കൂളിലേക്കയയ്ക്കുന്നത്. അവളുടെ ഉച്ചഭക്ഷണവും പുസ്തകസഞ്ചിയും ഒക്കെ ചുമക്കുന്നത് സഹപാഠികൂടിയായ രേവയാണ്. രുക്കുവിന്റെ അമ്മക്ക് രേവയോട് വലിയ അനുകമ്പയാണ്. അവൾക്ക് ആവശ്യമുള്ള ഭക്ഷണവും വസ്ത്രവും ഒക്കെ അവർ കൊടുക്കും. എന്നാൽ, രുക്കുവിന് അതൊന്നും ഇഷ്ടമായിരുന്നില്ല. ഒരു കാരണവുമില്ലാതെ അവൾ എപ്പോഴും രേവയെ വഴക്കുപറയും. അവളുടെ പെരുമാറ്റത്തിൽ അമ്മക്ക് അതിയായ ദുഃഖമുണ്ട്. അവളെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കാൻ അമ്മ പലപ്പോഴും ശ്രമിക്കാറുണ്ട്. പക്ഷേ അവൾ അതൊന്നും കൂട്ടാക്കില്ല.

ഒരു ദിവസം സ്കൂൾ വിട്ടു വരുമ്പോൾ രുക്കുവിന്റെ പുറത്ത് കാക്ക കാഷ്ഠിച്ചു. രേവ തന്റെ കൈലേസുകൊണ്ട് അത് തുടച്ചുനീക്കാൻ ശ്രമിച്ചു. രുക്കു അവളുടെ കൈ തട്ടിമാ

ക്യാരറ്റിന് ഓറഞ്ച് നിറം നൽകാൻ സഹായിക്കുന്നത്– കരോട്ടിൻ

റ്റി. "നിന്റെ വൃത്തികെട്ട തുണികൊണ്ടാണോ എന്റെ പുറം തുടയ്ക്കുന്നത്?" എന്നിട്ട് ബാഗ് തുറന്ന് ബുക്ക് പൊതിഞ്ഞിരുന്ന പേപ്പർ ഇളക്കിയെടുത്തു കൊടുത്തു. അവൾ അതു വാങ്ങി എല്ലാം തുടച്ചു മാറ്റിക്കൊടുത്തു.

രുക്കു തല വെട്ടിത്തിരിച്ചുകൊണ്ട് തന്റെ ഉറ്റചങ്ങാതിയായ ലിന്റയെയും കൂട്ടി തൊട്ടടുത്ത കുളത്തിലേക്ക് പോയി. രേവ പിന്നിൽ നിന്ന് തടഞ്ഞു: "രുക്കൂ നീ കുളത്തിലിറങ്ങരുത്. നല്ല ആഴമുണ്ട്. പോരെങ്കിൽ വഴുക്കലും. എന്റെ കുപ്പിയിൽ വെള്ളമുണ്ട്. അതുതരാം, പക്ഷേ രേവ പറഞ്ഞതൊന്നും കേൾക്കാൻ അവൾ കൂട്ടാക്കിയില്ല. കുളത്തിൽനിന്നു വെള്ളം കോരിയെടുക്കാൻ ശ്രമിച്ചതും അവൾ തെന്നി കുളത്തിലേക്കു വീണു. കൈകാലുകളിട്ടടിച്ച് അവൾ നിലവിളിച്ചു. "രക്ഷിക്കണേ.... രക്ഷിക്കണേ....." ഇതു കണ്ട് പേടിച്ച ലിന്റ അവിടെ നിന്നും ഓടിപ്പോയി.

എന്തു ചെയ്യണമെന്നറിയാതെ രേവ ഒരു നിമിഷം പകച്ചുനിന്നു. പിന്നെ കൈയിലിരുന്ന പുസ്തകസഞ്ചികൾ വലിച്ചെറിഞ്ഞ് അവൾ കുളത്തിലേക്ക് എടുത്തുചാടി. നീന്തിച്ചെന്നു വളരെ ശ്രദ്ധയോടെ രുക്കുവിന്റെ മുടിയിൽ പിടികൂടി. പിന്നെ പതിയെ നീന്തികരയിലേയ്ക്ക് വലിച്ചു കയറ്റി. ചെളിവെള്ളം ഉള്ളിൽ പോയിട്ട് രുക്കു ഛർദ്ദിക്കാൻ തുടങ്ങി. രേവ അവളെ തന്റെ മടിയിൽ കമഴ്ത്തിക്കിടത്തി. പിന്നെ അവളുടെ മുതുകിൽ അമർത്തിക്കൊണ്ടിരുന്നു. കുറച്ചുവെള്ളം പുറത്തുപോയപ്പോൾ അവൾക്ക് ആശ്വാസമായി. തന്നെ രക്ഷിക്കാൻ ആരെയെങ്കിലും വിളിച്ചു കൊണ്ടുവരാനായിരിക്കും ലിന്റ പോയതെന്നാണ് രുക്കു വിചാരിച്ചത്. പക്ഷേ അവൾ മടങ്ങിവന്നില്ല.

രുക്കുവിന്റെ പുറത്തു പറ്റിയ ചെളി തുടച്ചുമാറ്റിയിട്ട് രേവ സഞ്ചിയുമെടുത്തുകൊണ്ട് അവളുടെ കൈപിടിച്ചു: "വാ നമുക്കു പോകാം." രുക്കു അവളുടെ കൈയിൽ നിന്നും സഞ്ചി പിടിച്ചു വാങ്ങി താഴേയ്ക്കു വെച്ചു. എന്നിട്ട് അവളെ കെട്ടിപ്പിടിച്ചു കവിളിൽ തുരുതുരെ ചുംബിച്ചു. കണ്ണുകൾ നിറഞ്ഞൊഴുകി. "രേവാ, നിന്നെ ഞാൻ ഒരുപാട് വേദനിപ്പിച്ചിട്ടുണ്ട്. നമ്മൾ സമപ്രായക്കാരാണ്. എന്നിട്ടും എന്റെ ബാഗുകൂടി ഒരു ദയയുമില്ലാതെ നിന്നെക്കൊണ്ട് ചുമപ്പിച്ചു. ഇനി എന്നും എന്റെ ബാഗ് ഞാൻ തന്നെ ചുമക്കും. നല്ല ചങ്ങാതി ആരാണെന്ന് എനിക്ക് ഇപ്പോൾ മനസ്സിലായി." അവൾ രേവയുടെ കൈയും പിടിച്ചു വീട്ടിലേക്കു നടന്നു.

ഒന്നും വിശ്വസിക്കാനാവാതെ രേവയും.●



# ഇവിടെ മൂന്ന് സമുദ്രതീരം

ലോകത്ത് മൂന്ന് മഹാസമുദ്രങ്ങൾക്ക് തീരങ്ങളായുള്ള രാജ്യങ്ങളാണ് കാനഡയും അമേരിക്കയും. അറ്റ്ലാന്റിക് സമുദ്രം, ശാന്തസമുദ്രം, ആർട്ടിക് സമുദ്രം എന്നിവക്കാണ് ഈ രണ്ട് രാജ്യങ്ങളിലും തീരമുള്ളത്.

'കഴിഞ്ഞ കാലം' ആരുടെ ആത്മകഥയാണ്– കെ.പി കേശവമേനോൻ